REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 27-05-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- രാഷ്ട്രപതി ദ്രൗപതി മുർമു രാജ്യത്തെ പരമോന്നത സിവിലിയൻ അവാർഡുകളിലൊന്നായ പത്മ പുരസ്കാരങ്ങൾ വൈകീട്ട് സമ്മാനിക്കും.
- ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ ശക്തമായ നിലപാട് ലോക രാജ്യങ്ങളെ അറിയിക്കുന്നതിന് കേന്ദ്രഗവൺമെന്റ് രൂപം നൽകിയ സർവ്വകക്ഷി സംഘങ്ങളുടെ സന്ദർശനം തുടരുന്നു.
- സംസ്ഥാനത്ത് മഴ ശക്തമായി തുടരുന്നു. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാവകുപ്പിന്റെ ചുവപ്പ് ജാഗ്രത.
- പാക്കിസ്ഥാനിലെ നഗരങ്ങളിലും പട്ടണങ്ങളിലും ഭീകര സംഘടനകൾ പരസ്യമായി പ്രവർത്തിക്കുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ.
- IPL ക്രിക്കറ്റിൽ വൈകീട്ട് ലക്നൗ സൂപ്പർ ജയന്റ്സ്, റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ നേരിടും.

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു രാജ്യത്തെ പരമോന്നത സിവിലിയൻ അവാർഡുകളിലൊന്നായ പത്മ പുരസ്കാരങ്ങൾ വൈകീട്ട് സമ്മാനിക്കും. രാഷ്ട്രപതി ഭവനിലാണ് ചടങ്ങ്.

കല, സാമൂഹിക പ്രവർത്തനം, പൊതുകാര്യങ്ങൾ, ശാസ്ത്രം, എഞ്ചിനീയറിംഗ്, വ്യാപാരം, വ്യവസായം, വൈദ്യം, സാഹിത്യം, വിദ്യാഭ്യാസം, കായികം, സിവിൽ

സർവീസ് എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ മികവ് പുലർത്തിയവർക്കാണ് പുരസ്കാരം.

ഏഴ് പത്മവിഭൂഷൺ, 19 പത്മഭൂഷൺ, 113 പത്മശ്രീ അവാർഡുകൾ എന്നിവ ഉൾപ്പടെ 139 പത്മ പുരസ്കാരങ്ങളാണ് ഗവണ്മെന്റ് ഈ വർഷം പ്രഖ്യാപിച്ചത്. കഴിഞ്ഞമാസം, 2025-ലെ 71 പ്രമുഖ വ്യക്തികൾക്ക് രാഷ്ട്രപതി, പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു. ഇന്നത്തെ ചടങ്ങിൽ, 68 പേർക്കാണ് പത്മ അവാർഡുകൾ നൽകുന്നത്.

✪✪✪

ഭീകരതയ്ക്കെതിരായ ഇന്ത്യയുടെ ശക്തമായ നിലപാട് ലോക രാജ്യങ്ങളെ അറിയിക്കുന്നതിന് കേന്ദ്രഗവൺമെന്റ് രൂപം നൽകിയ സർവ്വകക്ഷി സംഘങ്ങളുടെ സന്ദർശനം തുടരുന്നു. ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യ ഒറ്റക്കെട്ടാണെന്ന സന്ദേശം ലോകരാജ്യങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുന്നുവെന്ന് ഫ്രാൻസ് സന്ദർശിക്കുന്ന സർവകക്ഷി സംഘം തലവൻ BJP എം പി രവിശങ്കർ പ്രസാദ് പറഞ്ഞു.

ഡെസ്ക്ക് റിപ്പോർട്ട്.....

..........(വോയ്സ്).....

പഹൽഗാം ഭീകരാക്രമണത്തിന് ശേഷം ഇന്ത്യൻ നിലപാടിനെ കുറിച്ച് അവബോധം വളർത്തുന്നതിനാണ് ഏഴ് പ്രതിനിധി സംഘങ്ങളുടേയും ശ്രമമെന്ന് BJP എം പി രവിശങ്കർ പ്രസാദ് ഇന്ത്യൻ പ്രവാസികളുമായി നടത്തിയ സംവാദത്തിൽ പറഞ്ഞു. ഇന്ത്യ അയൽക്കാരുമായി സമാധാനം ആഗ്രഹിക്കുന്നുവെന്നും എന്നാൽ ആക്രമിക്കപ്പെട്ടാൽ മൗനം പാലിക്കില്ലെന്നും സംഘാംഗമായ ഗുലാംനബി ഖതാന എം പി പറഞ്ഞു. പാക്കിസ്ഥാൻ വെടിയുതിർത്താൽ അത്തരം ഏത് പ്രവൃത്തിയും യുദ്ധനടപടിയായി കണക്കാക്കുമെന്നും അദ്ദേഹം അറിയിച്ചു.

ഫ്രാൻസിൽ നിന്ന് പ്രതിനിധി സംഘം ഇറ്റലിയിലേക്ക് പോകും. അതിന് ശേഷം UK, ജർമ്മനി, ഡെന്മാർക്ക്, യൂറോപ്യൻ യൂണിയൻ തുടങ്ങിയ രാജ്യങ്ങളും സർവ കക്ഷി സംഘം സന്ദർശിക്കും.

ഡോ. ശശി തരൂർ MP നേതൃത്വം നൽകുന്ന പ്രതിനിധി സംഘം ഗയാനയിലെ ദേശീയ അസംബ്ലി സ്പീക്കറുമായി ഭീകരാക്രമണത്തിൽ ഇന്ത്യ കൈക്കൊണ്ട നടപടികൾ ചർച്ച ചെയ്തു. പാകിസ്ഥാൻ രൂപീകൃതമായതു മുതൽ ഇന്ത്യയ്ക്കെതിരെ നിഴൽയുദ്ധം നടത്തുകയാണെന്ന് സംഘാംഗമായ BJP എം.പി തേജസ്വി സൂര്യ പറഞ്ഞു.

BJP എം.പി ബൈജയന്ത് പാണ്ഡയുടെ നേതൃത്വത്തിലെ സർവ്വകക്ഷി സംഘം കുവൈത്തിലെ ഇന്ത്യൻ സമൂഹവുമായി കൂടിക്കാഴ്ച നടത്തി. പാക്കിസ്ഥാന്റെ ഭീകരതയ്ക്കു മുന്നിൽ ഇന്ത്യ മൗനം പാലിക്കില്ലെന്നും, ശക്തമായി പ്രതികരിക്കുമെന്നും അദ്ദേഹം പറഞ്ഞു. രാജ്യം ആണവ ഭീഷണിയ്ക്കു വഴങ്ങില്ലെന്നും ബൈജയന്ത് പാണ്ഡ വ്യക്തമാക്കി. ഗൾഫ് രാജ്യങ്ങളുമായി ബന്ധം ശക്തിപ്പെടുത്തുന്നതിൽ പ്രധാനമന്ത്രിയുടെ ശ്രമങ്ങളെ അദ്ദേഹം പ്രശംസിച്ചു.

JDU എം.പി സഞ്ജയ് ഝാ നേതൃത്വം നൽകുന്ന സംഘം ദക്ഷിണ കൊറിയ സന്ദർശിച്ചു. രണ്ടു ദിവസത്തെ സന്ദർശനത്തിനിടെ ദക്ഷിണ കൊറിയയിലെ ഉന്നത നേതാക്കളെ, പഹൽഗാം ഭീകരാക്രമണത്തിനു ശേഷം ഇന്ത്യ സ്വീകരിച്ച നിലപാടുകൾ പ്രതിനിധി സംഘം അറിയിച്ചു.

✪✪✪

സുപ്രിയ സുലെ MP നേതൃത്വം നൽകുന്ന പാർലമെന്ററി പ്രതിനിധി സംഘം ഖത്തർ സന്ദർശനം പൂർത്തിയാക്കി. സന്ദർശന വേളയിൽ ഖത്തർ വിദേശകാര്യമന്ത്രി, ആഭ്യന്തര സഹമന്ത്രി, ഷൂറ കൗൺസിൽ ഡെപ്യൂട്ടി സ്പീക്കർ എന്നിവരുൾപ്പെടെ ഭരണാധികാരികളുമായി സംഘം കൂടിക്കാഴ്ച നടത്തി.

✪✪✪

സംസ്ഥാനത്ത് കാലവർഷം ശക്തമായി തുടരുന്നു. ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത നൽകി. കാസർക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട, ജില്ലകളിൽ ഓറഞ്ചു ജാഗ്രതയാണ്. ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന്, മണിക്കൂറിൽ 60 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കാസർകോട് ജില്ലയിൽ നാല് ദിവസമായി പെയ്യുന്ന കനത്ത മഴ തുടരുകയാണ്. കഴിഞ്ഞ ഒൻപതു ദിവസത്തിനകം ഒരു കോടി 20 ലക്ഷം രൂപയുടെ നാശനഷ്ടമാണ് ജില്ലയിൽ ഉണ്ടായത്.

കൂടുതൽ വിവരങ്ങളുമായി ജില്ലാ പ്രതിനിധി P. ജഗന്നിവാസൻ.

....(വോയ്സ്)............

✪✪✪

കനത്ത കാറ്റിലും മഴയിലും കോഴിക്കോട് ജില്ലയിൽ വ്യാപക നാശനഷ്ടമുണ്ടായി. ഇന്നലെ മാത്രം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 60 വീടുകൾ ഭാഗികമായി തകർന്നു. ഇതോടെ കാലവർഷക്കെടുതിയിൽ ഒരാഴ്ചക്കിടെ ജില്ലയിൽ 120 ഓളം വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു.

വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് നിരവധി പേരെ ക്യാമ്പുകളിലേക്കും ബന്ധു വീടുകളിലേക്കും മാറ്റി. കോഴിക്കോട് താലൂക്കിൽ രണ്ട് ദുരിതാശ്വാസ ക്യാമ്പും വടകര താലൂക്കിൽ ഒരു ക്യാമ്പും തുറന്നു. ആകെ 24 കുടുംബങ്ങളിൽ 88 പേരാണ് ജില്ലയിലെ മൂന്ന് ക്യാമ്പുകളിലായി കഴിയുന്നത്.

വടകര താലൂക്കിലെ വിലങ്ങാട് വില്ലേജ് പരിധിയിൽ കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ കഴിഞ്ഞ വർഷം ഉരുൾ പൊട്ടലുണ്ടായ മഞ്ഞച്ചീളിയിലെ 18 കുടുംബങ്ങളിലെ 58 പേരെ വിലങ്ങാട് സെന്റ് ജോർജ് ഹൈസ്കൂളിലേക്ക് മാറ്റിത്താമസിപ്പിച്ചു.

ജില്ലയിലെ വിവിധ ഭാഗങ്ങളിലായി കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത മഴയിൽ 5 കോടിയിലധികം രൂപയുടെ കൃഷിനാശമുണ്ടായതായാണ് പ്രാഥമിക കണക്ക്.

✪✪✪

കോഴിക്കോട് ഫറോക്ക് അരീക്കാട് റെയിൽവേ ട്രാക്കിൽ മരം വീണ് ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടു. ഇന്നലെ രാത്രി വീടിന്റെ മേൽക്കൂരയും, മരവും വീണ ട്രാക്കിന് സമീപമാണ് ഇന്നും മരം മുറിഞ്ഞ് വീണത്.

ഗതാഗതം പുനഃസ്ഥാപിച്ചെങ്കിലും ട്രെയിനുകൾ വൈകിയാണ് ഓടുന്നത്.

✪✪✪

ഇടുക്കിയിൽ വൈകിട്ടോടെ മഴ ശക്തമാകാൻ സാധ്യത കണക്കിലെടുത്ത് ജില്ലാ ഭരണകൂടം ജാഗ്രതാ നിർദ്ദേശം നൽകി.

ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണയുടെ റിപ്പോർട്ട്..

....(വോയ്സ്).......

✪✪✪

മലങ്കര ഡാമിലേക്ക് നീരൊഴുക്ക് വർദ്ധിച്ചതിനാൽ മൂന്ന് ഷട്ടറുകൾ ഒന്നര മീറ്റർ ഉയർത്തി. മൂവാറ്റുപുഴ, തൊടുപുഴ നദികളുടെ കരയിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

ശക്തമായ മഴയെ തുടർന്ന് എറണാകുളം ജില്ലയിൽ ഒരു വീട് പൂർണമായും 50 വീടുകൾ ഭാഗികമായും തകർന്നു. അടിയന്തര ഘട്ടത്തിൽ ആളുകളെ മാറ്റിപ്പാർപ്പിക്കാൻ ജില്ലയിൽ 360 ദുരിതാശ്വാസ ക്യാമ്പുകൾ തുറന്നു.

ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വൈദ്യുതി ലൈനുകൾക്കും പോസ്റ്റുകൾക്കും ട്രാൻസ്ഫോർമറുകൾക്കും തകരാറുകൾ സംഭവിച്ചതായി KSEB അറിയിച്ചു.

✪✪✪

കനത്ത മഴയിൽ ആലപ്പുഴ ജില്ലയിൽ 141 വീടുകൾ ഭാഗികമായും 12 വീടുകൾ പൂർണ്ണമായും തകർന്നു. വിവിധ സ്ഥലങ്ങളിൽ ഉണ്ടായ അപകടങ്ങളിൽ രണ്ട് പേർ മരിച്ചു.

എല്ലാ താലൂക്കുകളിലും 24 മണിക്കൂറും കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പും ഫിഷറീസ് വകുപ്പും കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്.

✪✪✪

ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ ആലപ്പുഴ ജില്ലയിലെ ജലാശയങ്ങളിലും തോടുകളിലും കായലുകളിലും സർവ്വീസ് നടത്തുന്ന ശിക്കാര വള്ളങ്ങളുടെയും ചെറുവള്ളങ്ങളുടെയും സഞ്ചാരം താൽക്കാലികമായി നിരോധിച്ചതായി ജില്ലാ കലക്ടർ അറിയിച്ചു. ആലപ്പുഴ ബീച്ചിലെ അഡ്വഞ്ചർ ടൂറിസവും നിർത്തി വെച്ചിട്ടുണ്ട്.

ജില്ലയിൽ സർവീസ് നടത്തുന്ന ഹൗസ് ബോട്ടുകൾ ഉൾപ്പടെ എല്ലാ ജലയാനങ്ങളും സുരക്ഷാ മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്നും കലക്ടർ ആവശ്യപ്പെട്ടു.

✪✪✪

കനത്ത മഴയിൽ കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും ജലനിരപ്പ് ഉയർന്നു. നിരവധി വീടുകളിൽ വെള്ളം കയറി. താഴ്ന്ന പ്രദേശങ്ങളും റോഡുകളും വെള്ളം കയറിയ നിലയിലാണ്. ഇന്നലെ ജില്ലയിൽ 12 വീടുകൾ പൂർണമായും 141 വീടുകൾ ഭാഗികമായും തകർന്നു.

✪✪✪

കാസർകോട് ദേശീയപാത നിർമ്മാണത്തിൽ കരാർ കമ്പനികൾ ഉദാസീന നിലപാട് സ്വീകരിച്ചതു കൊണ്ടാണ് വെള്ളക്കെട്ടും മണ്ണിടിച്ചിലും ഉണ്ടാകുന്നതെന്ന് രാജ് മോഹൻ ഉണ്ണിത്താൻ MP പറഞ്ഞു. നിരവധി തവണ ജില്ലാ ഭരണകൂടവും ജനപ്രതിനിധികളും യോഗം ചേർന്നിട്ടും രണ്ടും മൂന്നും റീച്ചുകളിൽ നിർമ്മാണ കമ്പനികൾ തീരുമാനങ്ങൾ നടപ്പിലാക്കാൻ തയ്യാറായില്ലെന്നും MPപറഞ്ഞു.

✪✪✪

മലയോര മേഖലയിലെ പട്ടിക വർഗ്ഗ വിഭാഗക്കാർക്കും തീരപ്രദേശങ്ങളിൽ താമസിക്കുന്നവർക്കും ഉൾപ്പെടെ എല്ലാവർക്കും ഭക്ഷ്യവസ്തുക്കളുടെ വിതരണം ഉറപ്പാക്കാൻ സാധിക്കണമെന്ന് മന്ത്രി GR അനിൽ പറഞ്ഞു. കാസർകോട് അതിഥി മന്ദിരത്തിൽ ചേർന്ന ഭക്ഷ്യ പൊതു വിതരണ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. K- സ്റ്റോർ പ്രവർത്തനം മലയോര മേഖലയിൽ കൂടി വ്യാപിപ്പിക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

✪✪✪

പാക്കിസ്ഥാനിലെ നഗരങ്ങളിലും പട്ടണങ്ങളിലും ഭീകര സംഘടനകൾ പരസ്യമായി പ്രവർത്തിക്കുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ പറഞ്ഞു. പാക് സൈന്യവും ഭരണകൂടവും ഭീകരർക്ക് പിന്തുണയും ധനസഹായവും നൽകുകയാണെന്ന് ജർമ്മൻ പത്രത്തിന് നൽകിയ അഭിമുഖത്തിൽ അദ്ദേഹം അഭിപ്രായപ്പെട്ടു.

ആക്രമണത്തിന് വലിയ വില നൽകേണ്ടിവരുമെന്ന് ഇന്ത്യ വ്യക്തമായ സൂചന നൽകിയതായും ഇന്ത്യക്ക് പാക്കിസ്ഥാന്റെ വ്യോമപ്രതിരോധ സംവിധാനങ്ങൾ പ്രവർത്തന രഹിതമാക്കാൻ കഴിയുമെന്ന് രാജ്യം തെളിയിച്ചതായും ജയശങ്കർ പറഞ്ഞു. ഇരു രാജ്യങ്ങളിലേയും സൈനിക കമാൻഡർമാർ തമ്മിലെ ചർച്ചയിലൂടെയാണ് വെടിനിർത്തലിന് സമ്മതിച്ചതെന്നും അഭിമുഖത്തിൽ വിദേശകാര്യമന്ത്രി വ്യക്തമാക്കി.

✪✪✪

IPL ക്രിക്കറ്റിൽ വൈകീട്ട് ലക്നൗ സൂപ്പർ ജയന്റ്സ്, റോയൽ ചലഞ്ചേഴ്സ് ബംഗലൂരുവിനെ നേരിടും. വൈകീട്ട് ഏഴരയ്ക്ക് ലക്നൗവിലാണ് മത്സരം.

✪✪✪

കഴിഞ്ഞ ദിവസം മുങ്ങിയ ചരക്ക് കപ്പലിലെ ഏതാനും കണ്ടെയ്നറുകൾ തിരുവനന്തപുരത്തെ കടൽ തീരങ്ങളിൽ അടിഞ്ഞു. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി രെജു കോലിയക്കോട്.....

....(വോയ്സ്)......

✪✪✪

കേരളത്തിലെ ട്രഷറികൾ ആധുനികവത്കരിച്ച് കൂടുതൽ ജനകീയമാക്കുകയാണെന്ന് മന്ത്രി K.N ബാലഗോപാൽ പറഞ്ഞു. ഹോസ്ദുർഗ്ഗ് സബ് ട്രഷറി ശിലാസ്ഥാപനം നിർവഹിക്കുകയായിരുന്നു മന്ത്രി. പ്രതികൂല കാലാവസ്ഥയിലും നിറഞ്ഞ് നിൽക്കുന്ന കാഞ്ഞങ്ങാട് ടൗൺ ഹാൾ സൂചിപ്പിക്കുന്നത് ട്രഷറികളുടെ ജനകീയതയാണെന്നും മന്ത്രി പറഞ്ഞു. ദേശസാൽകൃത ബാങ്കുകളോട് കിട പിടിക്കുന്ന രീതിയിൽ സംവിധാനങ്ങൾ ഇന്ന് ട്രഷറികളിൽ ലഭ്യമാണ്. മാർച്ച് മാസത്തിൽ പോലും നീണ്ട ക്യൂ ഒഴിവായി എന്നും മന്ത്രി പറഞ്ഞു.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: അനുഷ ആത്മപ്രകാശ്*
*News Team: നിഷിത കുമാരി*
*DEO : ഷീബ*